## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 182** — **07-07-2022 - ൽ മറുപടിയ്ക്ക്**

## ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച ട്രാൻസ്ഗ്രിഡ് പദ്ധതിക്കെതിരെ അന്നത്തെ പ്രതിപക്ഷ നേതാവ് ലോകായുക്തയിൽ സമർപ്പിച്ച ഹർജി നിരസിക്കുകയുണ്ടായോയെന്ന് അറിയിക്കാമോ; | (എ) | ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികളായ കോട്ടയം ലൈൻസ് പാക്കേജ്, കോലത്തുനാട് ലൈൻസ് പാക്കേജ് എന്നി വയുടെ കരാർ നൽകിയത് വ്യവസ്ഥകൾ പാലിച്ചല്ല എന്ന ആരോപിച്ച കൊണ്ട് 2020 - ൽ അന്നത്തെ പ്രതിപക്ഷ നേതാവ് സംസ്ഥാന ലോകായുക്തയിൽ ഒരു ഹർജി നല്കിയിട്ടുണ്ടായിരുന്നു. എന്നാൽ പ്രസ്തുത ഹർജിയിന്മേൽ അന്വേഷണം നടത്താൻ വിസമ്മതിച്ച കൊണ്ട് 08.06.2022 - ൽ ലോകായുക്ത ഉത്തരവായിട്ടുണ്ട്. |
| (ബി) | ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ ഇതുവരെ കൈവരിച്ച പുരോഗതി അറിയിക്കാമോ; | (ബി) | വൈദ്യുതോപയോഗം വർദ്ധിക്കുന്നതിന നുസരിച്ച് ഭാവിയിലേക്കുള്ള വൈദ്യുതാവ ശ്യങ്ങൾ കണക്കിലെടുത്ത് പ്രസരണ ശൃംഖലയുടെ ശേഷി വർധിപ്പിച്ച് പ്രസരണ നഷ്ടം കുറക്കുന്നതിനാണ് ട്രാൻസ്ഗ്രിഡ് 2.0 പദ്ധതികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് 2016 - ൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ട്രാൻസ്ഗ്രിഡ് ഒന്നാം ഘട്ട പദ്ധതിയിൽ വിഭാവനം ചെയ്ത 12 സബ്സ്റ്റേഷനുകളിൽ നാല് *220* കെ.വി AIS സബ്സ്റ്റേഷനുകളും അഞ്ച് 220 കെ.വി GIS സബ്സ്റ്റേഷനുകളും വിവിധ ജില്ലകളിലായി പൂർത്തികരിച്ച് കമ്മീഷൻ ചെയ്തുകഴിഞ്ഞു. ഒന്നാം ഘട്ട പദ്ധതിയിൽ വിഭാവനം ചെയ്ത ഒൻപത് ലൈൻ പാക്കേജുകളിൽ മാടക്കത്തറ - അരീക്കോട് 400/ 220 കെ.വി ലൈൻ പദ്ധതി ഉൾപ്പെടെ അഞ്ച് എണ്ണം നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്തു. ഇതിനോടകം 400 കെ.വി.യുടെ 178 സർക്യൂട്ട് കിലോമീറ്റർ ലൈനും, 220 കെ.വി യുടെ 566 സർക്യൂട്ട് കിലോമീറ്റർ ലൈനും, 110 കെ.വി യുടെ 653 സർക്യൂട്ട് കിലോമീറ്റർ ലൈനും നിർമ്മാണം പൂർത്തിയാക്കി. ബാക്കി നാല് 220/ 110 കെ.വി ലൈൻ പദ്ധതികളുടേയും 3 GIS (കോട്ടയം 400 |

| | | | |
|---|---|---|---|
| | | | കെ.വി, തലശ്ശേരി, കുന്നംകുളം 220 കെ.വി) സബ്സ്റ്റേഷനുകളുടെയും നിർമ്മാണം ദ്രുത ഗതിയിൽ പൂർത്തിയായി വരുന്നു. ഇവ ഈ വർഷം തന്നെ കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിടുന്നത്. ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ നിലവിൽ 2073 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കി കഴിഞ്ഞു.<br><br>ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 3414 കോടി രൂപയുടെ പദ്ധതികൾ ആവിഷ്ക്കരിച്ചതിൽ 10 ലൈൻ പാക്കേജുകളും പതിനൊന്ന് 220 കെ.വി സബ്സ്റ്റേഷനുകളും രണ്ട് 400 കെ.വി സബ്സ്റ്റേഷനുകളും ഉൾപ്പെടുന്നു. രണ്ടാം ഘട്ടത്തിൽ ലക്ഷ്യമാക്കിയിട്ടുള്ള പദ്ധ തികളിൽ 964 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികളുടെ കരാർ നൽകി കഴിഞ്ഞു. മറ്റ് പ്രവൃത്തികൾ നടപ്പിൽ വരുത്തു ന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഒന്നാം ഘട്ടം 2022 ലും രണ്ടാം ഘട്ടം 2026 ലും പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി മലബാർ മേഖലയിലെ വൈദ്യുതി ക്ഷാമത്തിന് പരിഹാരമായി ആവിഷ്കരിച്ച കാസർഗോഡ്-വയനാട് വൈദ്യുതി ഇടനാഴി പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് പയ്യമ്പിള്ളി മുതൽ കാസറഗോഡ് കരിന്തളം വരെ നിർമ്മിക്കാനുദ്ദേശിക്കുന്ന 400 കെ വി ലൈനിന്റെ നിർമ്മാണ ത്തിനുള്ള വർക്ക് അവാർഡ് 19.04.2022 - ൽ നൽകിയിട്ടുണ്ട്. പ്രാരംഭ ജോലികൾ ഇതിനകം തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ